"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

എൻ.സി.സി - എ.എൻ.ഒ ചാർജ്ജുള്ള അദ്ധ്യാപകർ NCC, PRCN കോഴ്സിൽ പങ്കെടുക്കുന്ന കാലയളവ് ഡ്യൂട്ടിയായി കണക്കാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

G.O.(Rt) No.204/2021/HEDN തീയതി,തിരുവനന്തപുരം, 03/02/2021

പരാമർശം:- 1. 16.08.1972 ലെ ജി.ഒ.(പി)364/72/ഫിൻ നം. സർക്കാർ ഉത്തരവ്.

2. എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 26-7-2018, 29-01-2020 തീയതികളിലെ 0150/03/Pers/(A) നം. കത്തുകൾ.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം എ.എൻ.ഒ. ചാർജ്ജുള്ള അദ്ധ്യാപകർ പരിശീലനത്തിനോ, റിഫ്രഷർ കോഴ്സിനോ പങ്കെടുക്കുവാൻ അവധി കാലങ്ങളിൽ നിയുക്തരാകുമ്പോൾ ടി കാലയളവ് ഡ്യൂട്ടിയായി കണക്കാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ആയിരക്കണക്കിനു വരുന്ന അസോസിയേറ്റ് എൻ.സി.സി. ഓഫീസർമാർക്ക് (എ. എൻ. ഒ. ) ഒന്നിച്ച് പരിശീലനം നല്കുവാൻ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമല്ലാത്തതിനാൽ വിവിധ ബാച്ചുകളിൽ, വർഷത്തിലെ പല സമയങ്ങളിലായാണ് ഒ. റ്റി. എ. ക്യാംപ്റ്റിയിലും / ഒ. റ്റി. എ. ഗ്വാളിയാറിലും ഇവർക്ക് പരിശീലനം നൽകി വരുന്നത്. സ്കൂൾ / കോളേജ് പ്രവൃത്തി ദിവസങ്ങളിലും അദ്ധ്യാപകരായ എ.എൻ.ഒ.-മാർക്ക് ടി പരിശീലനങ്ങളിൽ പങ്കെടുക്കേണ്ടി വരുന്നതിനാൽ ഇവർക്ക് പരിശീലനകാലം ഡ്യൂട്ടിയായി കണക്കാക്കുവാൻ അനുവാദം കിട്ടാതെ വരികയും, മറ്റ് അവധികൾ വിനിയോഗിച്ച് പരിശീലനത്തിനു പോകേണ്ടി വരികയും ചെയ്യുന്നുണ്ട്. അതുമൂലം പല എ. എൻ.ഒ.-മാരും പരിശീലനത്തിനു പോകാൻ സന്നദ്ധരാകാതെ വരികയും അനന്തര ഫലമായി കേഡറ്റുകളുടെ പരിശീലനം വേണ്ടതുപോലെ നടത്തുവാൻ കഴിയാതെ വരികയും ചെയ്യുന്നുണ്ട്. ടി വസ്തുതകൾ പരിഗണിച്ച് പ്രവൃത്തി ദിവസങ്ങൾ ഉൾപ്പെടെയുള്ള എ.എൻ.ഒ.മാരുടെ പരിശീലന കാലയളവും റിഫ്രഷർ കോഴ്സ് കാലയളവും (യാത്ര സമയമുൾപ്പെടെ) ഡ്യൂട്ടിയായി കണക്കാക്കുന്നതിനും, അതിനനുസൃതമായി, പരാമർശം (1) ഉത്തരവിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ANO ചാർജ്ജുള്ള സ്കൂൾ/കോളേജ് അദ്ധ്യാപകർ, NCC PRCN കോഴ്സിൽ പങ്കെടുക്കുന്ന കാലയളവ് ഡ്യൂട്ടിയായി കണക്കാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. NCC PRCN കോഴ്സിൽ പങ്കെടുക്കുന്നതിലേയ്ക്കായി വകുപ്പുമേധാവി നൽകുന്ന ഓരോ അനുമതി ഉത്തരവിലും ഇക്കാര്യം വ്യക്തമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
THARUN LAL.S
JOINT SECRETARY

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി, തിരുവനന്തപുരം.
സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുനന്തപുരം.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.
www.highereducation.kerala.gov.in
ഉന്നത വിദ്യാഭ്യാസ (ഡി)/ (എഫ്) വകുപ്പ്.
കരുതൽ ഫയൽ/ ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signature valid
Digitally signed by JAYAKUMAR B
Date: 2021.02.03 15:55:46 IST
Reason: Approved

സെക്ഷൻ ഓഫീസർ.

| NCC Dte (K... | State ... (Fin/Audit) |
|---|---|
| ADG | 5/9/2 |
| DDG | |
| DIR | |
| Adm Offr | |
| Accts Offr | |
| Sr. Supdt | |
| Jr. Supdt. (Fin) | |
| Jr. Supdt (Audit) | |
| Date 5/2/21 | Section P1 |
| No | 0928 |

Good.

PRCN Course regularise as offered duty